# പ്രസവത്തിനു തയ്യാറെടുക്കൽ

## ആമുഖം:

- സുരക്ഷിതവും സുഖപ്രദവുമായ പ്രസവത്തിനു വേണ്ടി ഗർഭിണിയും അവരുടെ കുടുംബവും മുൻകൂട്ടി പദ്ധതി തയ്യാറാക്കുന്ന ഒരു രീതിയാണ് പ്രസവത്തിനു തയ്യാറെടുക്കൽ.
- പ്രസവത്തിനു മുൻപുള്ള പരിചരണ സന്ദർശനങ്ങൾക്ക് വേണ്ടി എത്തുന്ന വേളയിൽതന്നെ പ്രസവത്തിനു തയ്യാറെടുക്കുന്നതിനുള്ള പദ്ധതി ഉണ്ടാക്കണം.
- ബന്ധപ്പെടേണ്ടവരുടെ വിവരങ്ങൾ, അപകട സൂചനകളെപ്പറ്റിയുള്ള അറിവ്, യാത്രയ്ക്കുള്ള ക്രമീകരണം, മാതൃ ശിശു ആരോഗ്യ കാർഡ്, സാമ്പത്തിക ക്രമീകരണങ്ങൾ, അവസാനനിമിഷത്തിൽ റഫറൽ സൗകര്യം വേണ്ടിവന്നാൽ അതു ലഭിക്കുമോ എന്നിവ പ്രസവത്തിനുള്ള തയ്യാറെടുക്കൽ പദ്ധതിയിൽ ഉൾപ്പെടുന്നു.

### ആശുപത്രിയിൽ പ്രസവം ഉറപ്പാക്കുക



അംഗീകൃത സാമൂഹികരോഗ്യ പ്രവർത്തക/ സഹായക നഴ്സ്/അംഗൻവാടി പ്രവർത്തക മായി ബന്ധപ്പെടുക



അതാത് പ്രദേശത്ത് ബാധകമായ വിധത്തിൽ ജനനി സുരക്ഷ യോജനഅല്ലെങ്കിൽ മറ്റു പദ്ധതികൾക്കു കീഴിൽ രജിസ്റ്റർ ചെയ്യുക




ജനനി സുരക്ഷ യോജനയ്ക്കു കീഴിലുള്ള ആനുകൂല്യങ്ങൾ നേടുക




നേരത്തെ തന്നെ ആശുപത്രി ഏതെന്ന് തീരുമാനിക്കുക



എത്തിച്ചേരാനുള്ള വാഹനം മുൻകൂട്ടി ക്രമീകരിക്കുക



പ്രസവത്തിനു ശേഷം 48 മണിക്കൂർ അവിടെത്തന്നെ കഴിയുന്നു എന്ന് ഉറപ്പാക്കുക

### കുടുംബം ഉറപ്പാക്കേണ്ടത്

- ഗർഭമുണ്ടെന്ന് ഉറപ്പാക്കപ്പെട്ടതിനു ശേഷം അംഗീകൃത സാമൂഹികരോഗ്യ പ്രവർത്തക/സഹായക നഴ്സ്/അംഗൻവാടി പ്രവർത്തകയായി ബന്ധപ്പെടുക.
- സഹായക നഴ്സ്/ അംഗീകൃത സാമൂഹികരോഗ്യ പ്രവർത്തക/അംഗൻവാടി പ്രവർത്തക ഇവരുടെ ഫോൺ നമ്പരും മറ്റ് സമ്പർക്ക വിവരങ്ങളും എളുപ്പത്തിൽ ലഭ്യമാകുന്നു എന്ന് ഉറപ്പാക്കുക.
- വല്ല അടിയന്തരാവശ്യവും നേരിട്ടാൽ അത് നേരിടുന്നതിനു വേണ്ടത്ര പണം മുൻകൂർ കരുതി വയ്ക്കുക.
- സമീപത്തുള്ള ഫീൽഡ് റഫറൽ യൂണിറ്റ്/ആശുപത്രി നേരത്തെ തീരുമാനിച്ചു വയ്ക്കുക.
- ഗർഭിണിയെ ആശുപത്രിയിൽ എത്തിക്കുന്നതിന് വേഗതയുള്ള ഒരു ഗതാഗത സൗകര്യം മുൻകൂട്ടി ഒരുക്കിവയ്ക്കുക.
- നവജാത ശിശുവിനെ പൊതിയുന്നത് ശുചിത്വമുള്ള മൃദുവായ പരുത്തി തുണിയിൽ (സോപ്പും വെള്ളവും ഉപയോഗിച്ചു കഴുകി വെയിലത്ത് ഉണക്കിയത്) ആയിരിക്കണം.
- പ്രസവം വീട്ടിൽ വച്ചാണെങ്കിൽ, പ്രസവം നടക്കാൻ പോകുന്ന സ്ഥലവും അതിന്റെ പരിസരങ്ങളും വൃത്തിയുള്ളതാണെന്ന് ഉറപ്പാക്കുക.
- പ്രസവം നടത്തുന്നത് നൈപുണ്യമുള്ള ഒരു വയറ്റാട്ടിയുടെ/സഹായക നഴ്സിന്റെ സഹായത്തോടെ ആയിരിക്കണം.

## പ്രസവം വീട്ടിൽ വച്ചാണെങ്കിൽ അതിനുള്ള തയ്യാറെടുപ്പ്




### അംഗൻവാടി പ്രവർത്തകയുടെ പങ്ക്

- ഗർഭം ധരിച്ച് 12 ആഴ്ചകൾക്കകം രജിസ്റ്റർ ചെയ്യുന്നതിനും പ്രസവത്തിനു മുൻപുള്ള അടുത്ത മൂന്ന് ചെക്കപ്പുകൾ നേടുന്നതിനും ഗർഭിണികളെ നിങ്ങൾ സഹായിക്കണം.
- പ്രസവത്തിനു മുൻപുള്ള ചെക്കപ്പുകളുടെ സമയത്തും അതുപോലെ തന്നെ ഗ്രൂപ്പുകളായി കണ്ടുമുട്ടുമ്പോഴും അപകട ലക്ഷണങ്ങൾ എല്ലാ ഗർഭിണികളോടും അവരുടെ കുടുംബാംഗങ്ങളോടും വിശദീകരിക്കണം.
- എല്ലാ ഗർഭിണികളുടെയും കാര്യത്തിൽ ആവശ്യമായ എല്ലാ പരിശോധനകളും/ഗവേഷണങ്ങളും നടത്തുന്നു എന്ന് ഉറപ്പാക്കണം.
- ദിവസത്തിൽ ഇരുപത്തിനാലു മണിക്കൂറും പ്രസവത്തിനു സൗകര്യമുള്ള നിങ്ങളുടെ സമീപത്തുള്ള ആശുപത്രികൾ, ആരോഗ്യ കേന്ദ്രങ്ങൾ, സ്ഥാപനങ്ങൾ ഇവ തിരിച്ചറിയണം.
- ജനനി സുരക്ഷ യോജനയ്ക്കു കീഴിൽ ആനുകൂല്യങ്ങൾ നേടുന്നതിന് അർഹരായ ഗർഭിണികളെ സഹായിക്കണം.
- ആശുപത്രിയിൽ പ്രസവം നടത്തുന്നതിന് ഗർഭിണികൾക്കും അവരുടെ കുടുംബത്തിനും ഉപദേശം നൽകണം.
- ആശുപത്രിയിൽ പ്രസവം നടത്തുന്നതിനു വേണ്ടി ഗർഭണിയോടൊപ്പം അവിടേക്കു പോകണം.
- പ്രസവം വീട്ടിൽ വച്ചാണെങ്കിൽ, പ്രസവസമയത്ത് പഞ്ചശുചിത്വം പാലിക്കുന്നു എന്ന് ഉറപ്പാക്കണം.